(ബി) വാഗമണിൽ ഇത്തരം ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

ടൂറിസ്റ്റുകൾക്കുള്ള താമസ സൗകര്യങ്ങൾ

*12 [957] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, ലൂഡീ ലൂയിസ്:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ വഹിച്ചുകൊണ്ടുള്ള എത്ര ചാർട്ടേഡ് ഫ്ളൈറ്റുകളും, യാത്രാ കപ്പലുകളും സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്തിച്ചേർന്നു;

(ബി) ഇത്തരത്തിൽ എത്തുന്ന ടൂറിസ്റ്റുകൾക്കുള്ള താമസസൗകര്യങ്ങൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നിലവിലുണ്ടോ;

(സി) കൂടുതൽ സ്റ്റാർ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം സഹായം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ടൂറിസ്റ്റുകൾക്ക് ആവശ്യമായ ഗൈഡൻസ് നൽകുവാൻ എന്തെല്ലാം സംവിധാനങ്ങളുണ്ട്?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കഴിഞ്ഞ ടൂറിസ്റ്റ് സീസണിൽ 102 ചാർട്ടേഡ് ഫ്ളൈറ്റുകൾ സംസ്ഥാനത്ത് എത്തിച്ചേർന്നു. യാത്രാകപ്പലുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) മുടക്കുമുതലിന്റെ 10% (പരമാവധി 10 ലക്ഷം രൂപവരെ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകും. ഇലക്ട്രിസിറ്റി താരീഫ് ഇളവ്, മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപ പരിധിക്ക് വിധേയമായി 15% ഇളവ്, വിദേശ നിക്ഷേപകർക്കായി പ്രത്യേകം ഇളവ്, 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുന്നവർക്ക് പ്രത്യേക പാക്കേജ് എന്നീ ഇനങ്ങളിൽ സർക്കാർ സഹായങ്ങൾ നൽകുന്നുണ്ട്.

(ഡി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഇൻഫർമേഷൻ സെന്ററുകൾ, കിയോസ്ക് ടച്ച്സ്ക്രീൻ, ബ്രോഷറുകൾ, സി. ഡി.-കൾ, ടോൾഫ്രീ-ഫോൺ, ടൂറിസം വെബ്സൈറ്റ്, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly